ശ്രീ. എ. കെ. ശശീന്ദ്രൻ ; ഇതിലെ (ഇ) എന്ന ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത് ഉണ്ടെന്നോണ്. കൊലപാതകമാണെന്ന് സംശയിക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ടെന്ന് പറഞ്ഞാൽ അത് കൊലപാതകമാണ്. ശ്രീ. രാജൻമേനോനെ കാണാനില്ല എന്നു പരാതി വന്നതിനുശേഷം അന്വേഷണം നടത്തുന്നത് കാണാനില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലാണോ അതോ കൊല്ലപ്പെട്ടുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണോ ?

ശ്രീ. വയലാർ രവി : ആളിനെ കാണാനില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തുന്നത്.

(ചോദ്യം നമ്പർ 154 തുടർച്ച)

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : കൊപ്രയുടെ വിലക്കുറവിന് പ്രധാന കാരണങ്ങളിലൊന്ന് പാംഓയിൽ വ്യാപകമായി വിതരണം ചെയ്യുന്നതാണ്. ഇപ്പോഴത് നിറുത്തലാക്കിയിട്ട് വെളിച്ചെണ്ണയ്ക്ക് യാതൊരു സബ്സിഡിയും കൊടുക്കാതെ വിതരണം ചെയ്യുന്നതുകൊണ്ട് അതിന്റെ വില വർദ്ധിപ്പിക്കാനും സാദ്ധ്യമല്ല. അതുകൊണ്ട് വെളിച്ചെണ്ണയ്ക്ക് സബ്സിഡി കൊടുത്ത് വ്യാപകമായ തോതിൽ ഉപയോഗം വർദ്ധിപ്പിക്കാൻ നടപടികൾ ആരംഭിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : പൊതുവെ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റും അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും കൂടി എടുക്കേണ്ട ഒരു തീരുമാനമാണിത്.

ശ്രീമതി കെ. ആർ. ഗൗരി : സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പാംഓയിൽ വിൽപ്പന നിറുത്തലാക്കിയതോടുകൂടി നഷ്ടം വന്നു തുടങ്ങിയെന്നു പറഞ്ഞു. കിലോഗ്രാമിന് പതിനൊന്നര രൂപ വച്ചാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി പാംഓയിൽ വിതരണം ചെയ്യുന്നതെന്ന് മറുപടിയിൽ അങ്ങ് പറഞ്ഞു. എന്നാൽ പതിനൊന്നര രൂപയ്ക്ക് ആർക്കും കിട്ടുന്നില്ല, പന്ത്രണ്ട് രൂപയാണ് റേഷൻകടയിൽ ഒരു കിലോഗ്രാമിന് വാങ്ങുന്നത്. അതുപോലെ ടിൻഡ് പാംഓയിലിന് പതിനഞ്ചു രൂപയുമാണ് വില. ആ വിലയ്ക്കുതന്നെ വെളിച്ചെണ്ണ മാർക്കറ്റിൽ വിൽക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉദ്യോഗസ്ഥൻമാർ താൽപ്പര്യം കാണിക്കാത്തതുകൊണ്ടാണോ ഈ വിധത്തിലുള്ള നടപടി സ്വീകരിച്ചത് ?

ശ്രീ. യു. എ. ബീരാൻ : അങ്ങനെ ഉദ്യോഗസ്ഥൻമാർ ചെയ്യാറില്ല. അവർ കഴിയുന്നത്ര വെളിച്ചെണ്ണ വിറ്റുകൊണ്ടിരിക്കുന്നുണ്ട്. ഈ തീരുമാനം ജനുവരിക്കുശേഷമാണുണ്ടായത്. അതിനുശേഷം ധാരാളം വെളിച്ചെണ്ണ സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 4906 മെട്രിക് ടൺ വെളിച്ചെണ്ണ സംഭരിച്ച് 4078 മെട്രിക് ടൺ വെളിച്ചെണ്ണ വിതരണം ചെയ്തിട്ടുണ്ട്.

(3) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ജുഡീഷ്യൽ ഓഫീസർമാരുടെ പാർപ്പിട പ്രശ്നം

* 155. ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനു സർക്കാർ വക കോർട്ടേഴ്സുകൾ പണിയുന്നതിനു നടപടിയെടുക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ എത്ര കോടതിയോടനുബന്ധിച്ച് സർക്കാർ കാര്യാലയങ്ങളുണ്ട് ;

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ഉണ്ട്.

(ബി) പതിമൂന്ന്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭനഷ്ടക്കണക്കുകൾ

* 156. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, എം. ജിനദേവൻ :
,, ടി. കെ. അബ്ദു :
,, വർക്കല രാധാകൃഷ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ചതു മുതൽ 1986 ജനുവരി 31 വരെയുള്ള ലാഭനഷ്ടക്കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) കോർപ്പറേഷന്റെ കീഴിൽ എത്ര ഡിപ്പോകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ; അതിൽ എത്ര എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു ;

(സി) എന്തെല്ലാം സാധനങ്ങളാണ് ഇപ്പോൾ ഇവയിലൂടെ വിതരണം ചെയ്യുന്നത് ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	ലാഭം	നഷ്ടം
	രൂപ ന. പ.	രൂപ ന. പ.
1974–75	1,84,225.00 ടാക്സ് കഴിച്ച്	..
1975–76	2,22,068.08	..
1976–77	..	24,967.11
1977–78	..	1,34,38,666.55
1978–79	..	36,13,914.90
1979–80	..	12,34,823.82
1980–81	73,11,495.16	..
1981–82	..	1,94,29,003.79
1982–83	..	2,31,72,997.81
1983–84	..	11,99,47,878.06
1984–85	5,33,13,668.51	..
1985–86 (ജനുവരി 86 വരെ)	1,60,00,000.00	..

(ബി) ആകെ 178 വിൽപ്പന ശാലകൾ. ഡിപ്പോ തിരിച്ചുള്ള ലാഭനഷ്ട കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly